COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION, 1123

Wednesday, *the* $\frac{\textit{15th October 1947.}}{\textit{29th Kanni 1123.}}$

The Council met in the Council Hall at half-past Eleven of the clock with the Hon'ble President (M. R. Ry. L. M. Pylee Avl., M. A. and B. L.) in the Chair.

Mrs. T. Francis, Mrs. Dakshayani Velayudhan, Rao Bahadur T. S. Narayana Ayyar and Messrs. Jos K. Verghese, K. A. Raghavan, Paramel Ipe Ipe and P. E. Warne were absent.

1. QUESTIONS AND ANSWERS

FOREST ROAD—UTILISING OF

20. Mr. M. O. Thomakutty *(Commerce and Industry):* Will Government be pleased to state.—

(*a*) have the Government received a petition in Medam 1122 from the Agriculturists of Madakathara Village requesting them to allow them the use of the forest road there;

(*b*) if so, what action has been taken in the matter to redress the grievance of the petitioners;

(*c*) is it a fact that the forest department now collect at the rate of as. 8 per day for each cart that passes through the said forest road and that the department insists to fix an 8 as. stamp to each application for permission to use the road?

Mr. C. R. Iyyunni *(Minister for Food and Revenue):*

(*a*) Yes.

(*b*) Use of the road is allowed on payment of a road levy.

(*c*) Yes. It is correct. But the production of court fee stamp has since been stopped.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കൃഷിയാവശ്യത്തിലേക്ക വേണ്ട വിത്തു്, വളം മുതലായതു് ആ വഴിയെ കൊണ്ടുപോകുവാൻ ബുദ്ധിമുട്ടുണ്ടു് എന്നു കാണിച്ചു് അമ്പതോളം പേർ ഒപ്പിട്ടയച്ച ഒരു ഹർജി ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: കിട്ടിയിട്ടുണ്ടു്.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതിനു എന്തു നിവാരണമാണു് ചെയ്തതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ആദ്യം വ്യ ണ. സ്റ്റാമ്പൊട്ടിച്ചു് അപേക്ഷ കൊടുക്കേണ്ടിയിരുന്നു. അതു മാറി സ്റ്റാമ്പു വേണ്ട വ്യ ണ. ടോക്കൺമാത്രം കൊടുത്താൽ മതിയെന്നു വെച്ചു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സ്റ്റാമ്പ് ഒഴിവാക്കിയെന്നു പറഞ്ഞു. സ്റ്റാമ്പില്ലാതെ ഹർജി കൊടുത്താൽ മറുപടി സമയത്തിനു കിട്ടുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അപേക്ഷയുടെ ആവശ്യമില്ല. വെറും ടോക്കൺ മാത്രമേയുള്ളൂ.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ടോക്കൺ പിരിക്കുന്ന സമ്പ്രദായം കൊച്ചീരാജ്യത്തു് എന്നു മുതല്ക്കാണു് നിലവിലാക്കിട്ടുള്ളതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മറ്റുള്ള റോഡുകൾക്കും ടോളിൽനിന്നു ഒഴിവാക്കീട്ടുണ്ടു്. ഈ റോഡു ഒരു പ്രത്യേകാവശ്യം പ്രമാണിച്ചു് വനം വകുപ്പിൽനിന്നുണ്ടാക്കീട്ടുള്ളതാണു്. അതിനു നല്ല ഒരു സംഖ്യ ചിലവാക്കീട്ടുള്ളതിനെ നികത്തുവാനാണു് ഇങ്ങിനെ ടോക്കൺ പിരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. ഒ. തോമക്കുട്ടി: കൊച്ചീരാജ്യത്തു് ടോൾ നിലവിലുണ്ടായിരുന്നകാലത്തു് ചിറ്റൂർ താലൂക്കിൽ വളം, വിത്തു മുതലായതു കൊണ്ടുപോകുന്ന വണ്ടി ഏതെങ്കിലും സ്ഥലത്തു ടോളിൽനിന്നു ഒഴിവാക്കീട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സുവേണം.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: വനം വകുപ്പു് നമ്മുടെ ഗവണ്മെണ്ടിൽ പെട്ടതല്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതെ.

മിസ്റ്റർ ടി. കെ. എൽ. കുഞ്ഞുവറീതു്: എന്നാൽ ഗവണ്മെണ്ടിന്റെ നിയമം ആ റോഡിനും ബാധകമല്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ റോഡ് മറ്റു റോഡുകൾപോലെയുള്ളതല്ല. ഈ റോഡ് പ്രത്യേകാവശ്യത്തിനു വനം വകുപ്പിൽനിന്നുണ്ടാക്കീട്ടുള്ളതാണു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ കാട്ടുറോഡില്ലാതെ മാടക്കാത്തറ വില്ലേജിൽ നാട്ടുറോഡുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസ്സു് വേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഹർജി കിട്ടിയെന്നു പറഞ്ഞുവല്ലൊ. ആ ഹർജിക്കാർക്കു് എന്തെങ്കിലും മറുപടി കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: നോട്ടീസു് വേണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എന്താവശ്യത്തിനു ഈ കാട്ടുറോഡു് അനുവദിക്കണമെന്നാണു് അപേക്ഷയിൽ പറഞ്ഞിരിക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഹർജി നോക്കി പഠയാം.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Sir, May I put another question by the time the Hon'ble Minister gets the information?

Mr. M. O. Thomakutty (*Commerce and Industry*): May I read the petition?

Mr. President: Has the Hon'ble Member got the information?

Mr. C. R. Iyyunni (*Minister for Food and Revenue*): Yes. I have got it. The petition is here. നെല്ലു്, വളം മുതലായ സാധനങ്ങൾ കൃഷിസ്ഥലത്തേക്കു കൊണ്ടുപോകേണ്ട ആവശ്യത്തിന്നാണു് ഈ റോഡു് ഉപയോഗിക്കണമെന്നു ആവശ്യപ്പെട്ടിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: വളരെ പണം ചിലവുചെയ്തു സ്വർണ്ണംകൊണ്ടു് ഉണ്ടാക്കീട്ടുള്ള ഒരു റോഡുണ്ടെങ്കിൽ ആ റോഡു് ഉപയോഗിക്കണമെന്നാണു് നാട്ടിൻപുറങ്ങളിലുള്ള കൃഷിവലന്മാർ ആവശ്യപ്പെടുന്നതെങ്കിൽ . . . .

Mr. President: It is a very hypothetical question.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: എന്നാൽ സ്വർണ്ണം വേണ്ട. വളരെ പണം ചിലവുചെയ്തു റോഡാണെങ്കിലും അതുപയോഗിക്കുവാൻ ആവശ്യപ്പെടുന്നതു് കൃഷിവലന്മാരാണു്. ഗവണ്മെണ്ടിനു ചുരുങ്ങിയ വിലക്കു നെല്ലു തരുന്നതിനു വേണ്ട നെല്ലുണ്ടാക്കാനായി വളം, വിത്തു മുതലായ സാധനങ്ങളാണു് ആ വഴിയെ കൊണ്ടുപോകുന്നതു്. അപ്പോൾ അതിനു അവരോടു് കാശു മേടിക്കാതിരിക്കേണ്ടതല്ലെ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഈ കാര്യത്തെപ്പറ്റി ഗവണ്മെണ്ടു് ആലോചിക്കാമെന്നേ ഇപ്പോൾ പറയുവാൻ നിവൃത്തിയുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഗൌരവമായി, അടിയന്തിരമായി ആലോചിച്ചു് ഉടനടി അതിനു ഒരു തീരുമാനമുണ്ടാക്കുവാൻ സാധിക്കുമോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അവഗാഢമായി ആലോചിച്ചു തീരുമാനം ചെയ്യാം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഈ റോഡു് ഉപയോഗിക്കുന്നതിനു വേണ്ടി; ഹർജിയിൽ സ്റ്റാമ്പു പതിക്കുന്നതിനു എട്ടണ എന്നു പറഞ്ഞുവല്ലൊ. മുമ്പു് ഈ ഹർജി ആരുടെ കയ്യിലാണു് കൊടുത്തിരുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു ഫാറസ്റ്റു് ഡിപ്പാർട്ട്മെണ്ടിൽ കൊടുക്കണം.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ആരുടെ കയ്യിലാണു് ഹർജി കൊടുക്കേണ്ടതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഫാറസ്റ്റാപ്പീസിൽ കൊടുക്കണം.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഫാറസ്റ്റാപ്പീസിൽ ആരുടെ കയ്യിൽ കൊടുക്കണം? അവിടെ അടുത്തെങ്ങാനും ഫാറസ്റ്റാപ്പീസുണ്ടോ?

മി ർ സി. ആർ. ഇയ്യണ്ണി: ആ ഭാഗത്തു് ആപ്പീസുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സ്റ്റാമ്പൊ ഹർജിയൊ ഏതാണു് വേണ്ടായെന്നുവെച്ചതു്?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഹർജി വേണ്ട എന്നു വെച്ചിട്ടുണ്ടു്.

Mr. P. Kumaran Ezhuthassan *(Vadakkancheri)* Is it a fact that the Forest Department now collect at the rate of 8 as. per day for each cart that passes through the said forest road and that the department insist traffic an 8 as. stamp to each application for permission to use the road എന്നാണു് ചോദ്യം. അതിനുള്ള മറുപടി Yes. It is correct. But the production of court fee stamp has since been stopped. അപ്പോൾ മുമ്പു് കോട്ട്ഫീസ്സു് സ്റ്റാമ്പു് Produce ചെയ്യുകയായിരുന്നുവൊ? മുമ്പു് സ്റ്റാമ്പു് Produce ചെയ്താൽ മതിയൊ? ഹർജി വേണൊ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഹർജി വേണ്ടിയിരുന്നു.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Production of Court fee stamp has been stopped എന്നാണു് പറഞ്ഞിട്ടുള്ളതു്. പ്രൊഡക്ഷനാണെങ്കിൽ അതിന്റെ വകനിന്നുപോകും. I am very seriously asking the question sir.

Mr. President: Is it the question, now that the rule requiring the affixing of stamp has been done away with, petition is necessary.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: The production of stamp which is in vogue previously is done away with.

Mr. President: Is the petition necessary, is that the question ?

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മുമ്പു് സ്റ്റാമ്പു് പ്രൊഡക്ഷനേ ആവശ്യമായിരുന്നുള്ളൂ. ഞാൻ ചോദിക്കുന്നതു് ആരുടെ കയ്യിലാണു് അതു് കൊടുത്തിരുന്നതു് എന്നാണു്?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: The stamp has to be affixed. The method of expressing it may not be very happy in the eyes of the Hon'hle Member.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: It is wrong.

Rao Sahib A. Madava Prabhu *(Chief Secretary to Government)*: It may be so.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: There is the word 'fix' 'af' is omitted. Then production is introduced. ഇനിമേലാൽ ഞങ്ങൾ അയക്കുന്ന ചോദ്യങ്ങൾക്കു ഗവണ്മെണ്ടു തയ്യാറാക്കിത്തരുന്നമറുപടി നിങ്ങൾ ഉദ്ദേശിക്കുന്നതു്; ഒരു വ്യാഖ്യാനത്തിനു വഴിയില്ലാത്ത തരത്തിലും, ഞങ്ങൾക്കു മനസ്സിലാകത്തക്കതരത്തിലുമുള്ള ഭാഷയിൽ ഉപയോഗിക്കുവാൻദയവുണ്ടാകുമൊ?

Mr. President: That has been explained by the Government side.

Rao Sahib A. Madava Prabhu *(Chief Secretary to Government)*: If an unstamped petition is presented, certainly it is production of court fee stamp afterwards. Therefore we have to insist upon court fee stamps being "produced". There is absolutely nothing incorrect in saying 'production of 8 as. stamp'. That question arises only if the petition is unstamped.

Mr. P. Kumaran Ezhuthassnan *(Vadakkancheri)*: You can hire in that place—fools paradise—I have no quarrel.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഭക്ഷ്യാല്പാദനത്തിന്റെ പ്രോത്സാഹനത്തിനു് കങ്കണം കെട്ടി പുറപ്പെട്ടിരിക്കുന്ന—ഞങ്ങൾ എന്തും ചെയ്യുവാൻ തയ്യാറാണാണെന്നു കൊട്ടിഘോഷിക്കുന്ന—ബഹുമാനപ്പെട്ട ഗവണ്മെണ്ടിന്റെ ഒരു നയമാണൊ ഇതു്? അതായതു്, വളം കൊണ്ടുപോകുവാനും വിത്തുകൊണ്ടുപോകുവാനും അതിനു ഹജ്ജികൊടുത്തു മറുപടി വന്നിട്ടുമതിയൊ? ഇങ്ങിനെയായാൽ വേണ്ടസമയത്തു കൃഷിനടത്തുവാൻ സാധിക്കുമൊ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അതിനു മുൻകൂട്ടി അനുവാദം വാങ്ങിക്കണം. വിത്തു മുതലായ സാധനങ്ങൾ കൊണ്ടുപോകുന്ന ദിവസംതന്നെ വേണമെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എ. ഈച്ചരമേനോൻ: മഴ പെയ്യുമ്പോളാണ് വിത്തും, വളവും കൊണ്ടുപോകേണ്ടത്. മഴ എപ്പോഴാണ് വരുന്നതെന്ന് നോക്കി എങ്ങിനെയാണ് നേരത്തെ അപേക്ഷ കൊടുക്കുന്നത്?

Rao Sahib A.Madava Prabhu *(Chief Secretary to Government)*: The reason was this the road was constructed for forest purposes and even before the road was constructed people were taking manure and other things and cultivating. There was no special convenience before that. Afterwards for the purpose of the forest a road was constructed. If extra traffic is put upon that road the purpose for which the road was intended would not be fully served. Therefore we wanted to discourage the use of the road for purposes other than the purpose for which it was intended. After that was done, if other people wanted to make use of it, it is allowed. But still the purpose for which the road was constructed is for the convenience of the forest and if extra convenience is wanted by anybody we thought it might be done on payment of a fee. Formerly it was Rs. 2 and we thought now 8 as. would be a fair and normal fee. If the House thinks that that also should not be levied that will be considered.

മിസ്റ്റർ എ. ഈച്ചരമേനോൻ: വളവും വിത്തും കൊണ്ടുപോകുവാൻ മുമ്പു കാട്ടുവഴിയുണ്ടായിരുന്നില്ലെ? ആ റോഡുതന്നെയല്ലെ ഇതു?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: പഴയകാലത്തുണ്ടായ കാട്ടുവഴി വണ്ടികൾക്കും മറ്റും പോകുവാൻ നിവൃത്തിയില്ലാത്തതരത്തിൽ വളരെ വീതി കുറഞ്ഞതായിരുന്നു. അതിപ്പോൾ ഹെവി ട്രാഫിക്കിനു സൌകര്യമായ വിധത്തിൽ വളരെ വീതിക്കൂട്ടി നന്നാക്കീട്ടുണ്ട്. അതിനു വളരെ പണം ഫോറസ്റ്റ്ഡിപ്പാർട്ടുമെണ്ടിൽനിന്നു ചിലവാക്കീട്ടുണ്ട്. ആ പണം വസൂലാകാൻ വേണ്ടിയാണ് ടോൾ പിരിക്കുന്നത്.

മിസ്റ്റർ എ. ഈച്ചരമേനോൻ: മറ്റു റോഡുകളിൽക്കൂടി ഫോറസ്റ്റുകാരുടെ ലോറികൾ പോകുന്നുണ്ടല്ലൊ. അതിനു അവർ വല്ല സംഖ്യയും കൊടുക്കുന്നുണ്ടൊ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഇല്ല.

Mr. Parambi Lonappen *(Irinjalakkuda)*: What is the purpose of Government in discouraging agriculturists from taking their agricultural materials through this road?

Rao Sahib A. Madava Prabhu *(Chief Secretary to Government)*: If at the same time one lorry is coming from one side and one cart is going from the other side there will certainly be collision. The road is not so broad to give way for both.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Ingenious!

Rao Sahib A Madhava Prabhu *(Chief Secretary to Government)*: Therefore it was thought that at the same time two carts or two kinds of traffic cannot be allowed or as far as possible discourage such traffic—not discourage for agricultural purposes—when the forest traffic is less and whether it is possible to give way for both, certainly the matter will be considered.

Mr. Parambi Lonappen *(Irinjalakkuda)*: May I know how this as. 8 court fee stamp will avoid collision?

Mr. P. Govinda Menon *(Prime Minister)*: It will facilitate regulation.

Mr. Parambi Lonappen *(Irinjalakkuda)*: I should like to know how, Sir?

Mr. P. Govinda Menon *(Prime Minister)*: Because the forest department.....

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I am on my legs, Sir.

Mr. President: Order, Order.

Mr. Parambi Lonappen *(Irinjalakkuda)*: I want an answer to my question, Sir.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: I am on my legs, Sir.

Mr. President: Let us not quarrel on such trivial matters.

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അതിനെ സംബന്ധിച്ചു വേണ്ടുപോലെ ആലോചിച്ചു ഒരു തീരുമാനം ചെയ്യാമെന്നു പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: അവിടെ ട്രാഫിക്കിനു സൌകര്യം ചെയ്യുന്നതിനാണ് ഈ വ്യവസ്ഥ പിരിക്കുന്നതെന്നു പറഞ്ഞു. I ask you seriouly how is this as. 8 giving facility for regulation of traffic when vehicles go one against the other. I should like to know that. You have that answer.

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: The traffic will be regulated. That is a practical method of doing things. We know that the forest traffic is going up and down and people will be given direction. We won't issue passes and we won't

LIBRARY ARCHIVES Kerala Legislative Assembly

allow them to take their carts as they like. The point is we keep a man there for that purpose. It is possible for him to regulate traffic in that way.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ വ്യണ. പിരിച്ചാൽ ട്രാഫിക്ക റഗുലേറ ചെയ്യുവാൻ സാധിക്കുമൊ?

Rao Sahib A. Madhava Prabhu *(Chief Secretary to Government)*: It comes to the general coffers of the treasury. It does not go to any single man as salary.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ട്രാഫിക്ക റഗുലേറ ചെയ്യുന്നതിനു് അവിടെ നിറുത്തുന്ന ആൾക്കു വേണ്ടിയാണൊ ഈ വ്യണ. മേടിക്കുന്നതു"? നേരത്തെ പറയുകയുണ്ടായി ഫാറസ"റ ഡിപ്പാർട്ടുമെണ്ടിൽനിന്നു പണം ചിലവുചെയ്താണു ആ റോഡുണ്ടാക്കിയതെന്നു". ആ പണം ഫാറസ"റ ഡിപ്പാർട്ടുമെണ്ടുമെലദ്ധ്യക്ഷന്റെ തറവാട്ടിൽനിന്നു കൊണ്ടുവന്നതൊ, അതൊ ഈ രാജ്യത്തെ കൃഷിക്കാരായ ഞങ്ങൾ തരുന്നതൊ?

Rao Sahib A. Madava Prabhu *(Chief Secretary to Gooernment)*: I don't think an answer is necessary because no-body's private property is concerned in this.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞാൻ ചോദിക്കുന്നു റോഡു നന്നാക്കുന്നതിനു ഫാറസ"റ ഡിപ്പാർട്ടുമെണ്ടു ചിലവാക്കിയ പണം കൃഷീവലന്മാർ താവമ്മെണ്ടിലേക്കു തരുന്ന പണമല്ല എന്നു"?

Mr. Preisdent: The point is clear. There is no need of elaboration.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എളുപണമാണെന്നു കുത്യമായി പറവാൻ ഇപ്പോൾ സാദ്ധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഫാറസ"റ ഡിപ്പാർട്ടുമെണ്ടിന്റെ പണമാണെന്നു പറഞ്ഞു. അവിടത്തെ പണമാണു് അതിനു ചിലവാക്കിയതെന്നു ബഡ്ജറിൽ കാണുന്നില്ല.

Mr. President: Well; that is a very general question which does not arise.

Mr. K. Balakrishna Menon *(Cheruthuruthi)*: Our point is: Will the Government be pleased to drop this item immediately in the interests of the agriculturists—that is our point—not taking time for consideration.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിനെപ്പററി വേണ്ടതുപോലെ ചിന്തിച്ചു് ഒരു തീരുമാനം ചെയ്യാം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഈ വഴിയിൽകൂടി വിത്തു, വളം മുതലായ സാധനങ്ങൾ കൊണ്ടുപോയാൽ എത്രപറക്കുള്ള നിലം കൃഷിചെയ്യുവാൻ സാധിക്കുമെന്നു താവമ്മെണ്ടിനറിയാമൊ?

മിസ്റ്റർ സി ആർ. ഇയ്യുണ്ണി: നോട്ടീസുവേണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അയ്യായിരപ്പറക്കുള്ള ഭൂമിയിൽ കൃഷിനടത്താമെന്നു ആ ഫാജ്ജിയിൽ പറഞ്ഞിട്ടുണ്ടു". ഭക്ഷണക്ഷാമം കൊടുമ്പിരിക്കൊണ്ടിരിക്കുന്ന ഈ കാലത്തു് ഇതുവക കായ്ക്കുങ്ങളിന്മേൽ താവമ്മെണ്ടു ശ്രദ്ധപതിക്കാതിരിക്കുന്നതു് അന്യായമല്ലെ?

Mr. President: That has been answered.

Mr. M. O. Thomakutty *(Commerce and Industry)*: I want reply to my question.

Mr. President: Was not that question answered? The same suggestion was made by another Hon'ble Member. Should it be repeated?

Mr. Parambi Lonappen *(Irinjalakkuda)*: Sir, more cogent reasons were now given and so will the Government give a reply.

Mr. P. Govinda Menon *(Prime Minister)*: For those reasons also it will be considered.

Mr. Parambi Lonappen *(Irinjalakkuda)*: Our point is: urgently consider and have a determination, not on Dooms Day.

Mr. C. R. Iyyunni *(Minister for Food and Revenue)*: As early as possible.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ചിന്തിക്കാമെന്നുപറഞ്ഞു. നിങ്ങളുടെ ചിന്തയിൽ ഞങ്ങൾക്കു വിശ്വാസമില്ലാതായിട്ടുണ്ടു".

Mr M. K. Raja *(Mulakunnathukavu)*: That is not a question, Sir

Mr. President: What is the Honb'le members' question.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഞാൻ ചോദിക്കുന്നത് ഈ വിഷയത്തെക്കുറിച്ചുള്ള വാദപ്രതിവാദത്തിന്റെ ഫലമായിട്ട് ഇതിൽ ചിന്തിക്കേണ്ടതൊന്നുമില്ല. കൃഷിക്കാരന്റെ കയ്യിൽനിന്നു പണം മേടിക്കേണ്ട ആവശ്യമില്ല. കൃഷിക്കാരൻ....

Mr. President: No need for a lengthy statement. Please put a pointed question.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഞാൻ ചോദിക്കുന്നത് ഈ കായ്ം ഗവമ്മെണ്ടിന്റെ ആലോചനക്കു വെക്കാതെ, ചിന്തക്കു വെക്കാതെ ഉടനടി ആ ഡസ്കിൽ ഇരുന്നു This is cancelled എന്നു് ഓർഡർ എഴുതാമൊ എന്നാണു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇവിടെയിരുന്നു് ഓർഡർ എഴുതാൻ സാദ്ധ്യമല്ല.

Mr. P. Kumaran Ezhuthassan *(Vadakkancheri)*: Dont Quibble; Sir, Do'nt Quibble.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എണ്ണായിരപ്പറ നെല്ലു കൃഷി ചെയ്യുന്ന ഈ സ്ഥലം ഇനിന്നു ഗവമ്മെണ്ടിലേക്കു എത്ര പറ നെല്ലു കിട്ടുമെന്നു പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ ഇത്ര പറക്കുള്ള നിലമുണ്ടെന്നു ഗവമ്മെണ്ടു പറഞ്ഞില്ല. എത്ര പറ നെല്ലു കിട്ടുമെന്നുള്ളതു് ആ നിലത്തിലെ വിളവുനോക്കാതെ ഗവമ്മെണ്ടിനു പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അവിടെ നിന്നു നികുതി എത്രകിട്ടുമെന്നു പറയാമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സ്ഥലം എത്രയുണ്ടെന്നു അറിഞ്ഞാലെ അതു പറയുവാൻ സാദ്ധ്യമുള്ളു.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അയ്യായിരപ്പറക്കു നിലമുണ്ടു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ഏതു ക്ലാസ്സിൽ പെട്ടതാണെന്നു അറിയണം.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: എ. ക്ലാസ്സിൽ പെട്ടതാണു്.

Mr. Parambi Lonappen *(Irinjalakkuda)*: I wish to bring to the notice of the Hon'ble President that the Government benches seem to treat the subject in a ludicrous manner (Mr. P. Kumaran Ezhuthassan—shameful Government replies would show that we are wasting our time. It is a matter of the agriculturists and the Prime Minister seems to laugh over the matter and think that this is nothing for them.

റാവുബഹദൂർ ടി. കെ. നായർ: വളരെ സങ്കടകരമായിട്ടുള്ള ഒരു റിമാർക്കാണു്. ഓപ്പോസിഷൻ ലീഡർ പറഞ്ഞിരിക്കുന്നതു്. ഈ വിഷയത്തെപ്പറ്റി ആലോചിച്ചു് ഒരു തീരുമാനം ചെയ്യാമെന്നു് ഗവമ്മെണ്ടു് അതർഹിക്കുന്ന ഗൌരവത്തോടുകൂടി പല പ്രാവശ്യവും പറഞ്ഞു. ഇപ്പോഴുംതന്നെ, ഈ ഡസ്കിന്മേൽ വച്ചുതന്നെ തീരുമാനം ചെയ്ത ഓർഡർ പാസ്സാക്കണമെന്നു പറയുന്നതു് കഷ്ടമാണു്.

Mr. Parambi Lonappen *(Irinjalakkuda)*: That is not the kind of reply the Prime Minister gave to the question of Mr. Thomakutty.

റാവുബഹദൂർ ടി. കെ. നായർ: ഓരോരുത്തരും മാറിമാറി പറയുന്നതിൽ ഓരോതരത്തിലുള്ള മാറ്റങ്ങളും ഉണ്ടാകാമെന്നല്ലാതെ നിയമസഭയെ കണക്കാക്കാതെകണ്ടു് ഗവമ്മെണ്ടു് പ്രവർത്തിക്കുന്നു എന്നു പറയരുതു്. ഇതിനെപ്പറ്റി പലപ്രാവശ്യവും ഇൻഡസ്ട്രീസ്മെണ്ടിന്റെ ചാർജ്ജുവഹിക്കുന്ന മന്ത്രി ആലോചിക്കാമെന്നു പറഞ്ഞുകഴിഞ്ഞു.

Mr. President: Order. Order. The question has been sufficiently answered. We shall now proceed to the next question.

PENSION—ENHANCEMENT OF

21. Mr. M. O. Thomakutty *(Commerce and Industry)*: Will Government be pleased to state.—

whether they propose to increase the rate of pension to Government pensioners?

Mr. P. Govinda Menon *(Prime Minister)*: There is no such proposal.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: പെൻഷൻകാരായ ഉദ്യോഗസ്ഥന്മാരിൽ നിന്നു വല്ല നിവേദനവും പ്രൈംമിനിസ്റ്റർക്കു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly